**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4007** **15-07-2022 - ൽ മറുപടിയ്ക്ക്**

**കയ്പമംഗലം മണ്ഡലത്തിലെ ലൈഫ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കയ്പമംഗലം മണ്ഡലത്തിലെ ഭൂരഹിതരും ഭവന രഹിതരുമായ കുടുംബങ്ങൾക്ക് ലൈഫ് പദ്ധതിയിലൂടെ സ്ഥലവും വീടും നൽകുന്നതിനോ അല്ലെങ്കിൽ ഫ്ലാറ്റ് നൽകുന്നതിനോ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ? | (എ) | ഉണ്ട്. കയ്പമംഗലം മണ്ഡലത്തിൽ 2017-ൽ ലൈഫ് പദ്ധതിയുടെ അർഹരായവരുടെ ലിസ്റ്റിൽ ഉൾപ്പെട്ട ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകിയിട്ടുണ്ട്. ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കളിൽ പട്ടികജാതി, പട്ടികവർഗ്ഗവകുപ്പ്/ തദ്ദേശസ്വയംഭരണ സ്ഥാപനം മുഖേനയോ വ്യക്തിഗതമായോ ഭൂമി ആർജ്ജിച്ചുവരുന്നവർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ ഭവനനിർമ്മാണം പൂർത്തിയാക്കിയവരുടെ തദ്ദേശസ്വയം ഭരണ സ്ഥാപനാടിസ്ഥാനത്തിലുള്ള വിവരം ചുവടെ ചേർക്കുന്നു. |

| തദ്ദേശ സ്വയംഭരണ സ്ഥാപനം | ഭൂമിയുള്ള ഭവന രഹിതർ | ഭൂരഹിത ഭവന രഹിതർ |
|---|---|---|
| എടത്തിരുത്തി | 87 | 54 |
| എടവിലങ്ങ് | 84 | 5 |
| എറിയാട് | 202 | 38 |
| പെരിഞ്ഞനം | 65 | 37 |
| മതിലകം | 112 | 7 |
| കയ്പമംഗലം | 108 | 0 |
| ശ്രീനാരായണപുരം | 203 | 31 |
| ആകെ | 861 | 172 |

കയ്പമംഗലം നിയോജക മണ്ഡലത്തിൽ ഭൂരഹിത ഭവനരഹിതരുടെ പുന:രധിവാസത്തിനായി ഇതുവരെയും ഫ്ളാറ്റുകളുടെ നിർമ്മാണം ലൈഫ് മിഷൻ മുഖേന ഏറ്റെടുത്തിട്ടില്ല.

സെക്ഷൻ ഓഫീസർ